MONDAY 16/06/2025 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : SINDHU.K.S

Editor : Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/06/2025

1. ഇന്നു രാവിലെ മണ്ണുത്തി വെറ്ററിനറി സർവ്വകലാശാലയിൽ ആധുനിക ലാബ് സമുച്ചയം ഒരുങ്ങി; ജൂൺ 16 ന് മുഖ്യമന്ത്രി നാടിനു സമർപ്പിക്കും കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിലെ വെറ്ററിനറി കോളേജിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ലാബ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായി. മണ്ണുത്തിയിലെ വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി ക്യാമ്പസിൽ ജൂൺ 16 ന് രാവിലെ 10.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ ലാബ് സമുച്ചയം നാടിനു സമർപ്പിക്കും. ഇതോടൊപ്പം പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ, വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജിയിലെ ഓഡിറ്റോറിയം എന്നിവയുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിക്കും. ചടങ്ങിൽ മൃഗസംരക്ഷണ-ക്ഷീര വികസനവകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അധ്യക്ഷത വഹിക്കും. റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ മുഖ്യപ്രഭാഷണം നടത്തും. സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. കെ.എസ്. അനിൽ, സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. ഡോ. പി. സുധീർ തുടങ്ങിയവർ പങ്കെടുക്കും. കേരള സർക്കാരിന്റെ നബാർഡ് ആർഐഡിഎഫ് പദ്ധതി വിഹിതമായ 32 കോടി രൂപ ചെലവിട്ട് നിർമ്മിച്ച 45,000 ചതുരശ്ര അടി വിസ്തീർണമുള്ള ലാബ്, രോഗ പ്രതിരോധ, ആരോഗ്യ ഭക്ഷ്യ സുരക്ഷാ മേഖലകളിൽ ആധുനിക ഗവേഷണങ്ങളും പരിശോധനകളും പരിശീലനവും നടത്താൻ സജ്ജമാണ്. ലാബിൽ വിവിധ രോഗങ്ങളുടെ നിർണയം, ഭക്ഷ്യ-കുടിവെള്ള സാമ്പിളുകൾ, മൃഗങ്ങൾക്കുള്ള തീറ്റ, മണ്ണിലെ ധാതുലവണങ്ങൾ എന്നിവയുടെ

ഗുണനിലവാര പരിശോധന മുതലായ സർവ്വകലാശാല നൽകി വരുന്ന വിവിധ സേവനങ്ങൾ ഒരു കുടക്കീഴിൽ പൊതു ജനങ്ങൾക്ക് ലഭ്യമാകും.

2. കേരള കാർഷിക സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ **2025-26** അധ്യയന വർഷത്തിലെ **+2**/തത്തുല്യ യോഗ്യത അടിസ്ഥാനമായുള്ള താഴെ പറയുന്ന കോഴ്സുകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള (**25.04.2025** ലെ **No. KAU EDU/743/2025 EDU F3** വിജ്ഞാപനം) അവസാനതിയതി **30.06.2025** വരെ നീട്ടിയിരിക്കുന്നു. ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കനൈസേഷൻ, ഡിപ്ലോമ ഇൻ റീറ്റെയിൽ മാനേജ്മന്റ് വിശദവിവരങ്ങൾക്കും, അപേക്ഷ സമർപ്പിക്കുന്നതിനും **www.admissions.kau.in** എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. അന്വേഷണങ്ങൾക്ക് **0487-243-8139** എന്ന നമ്പറിൽ (രാവിലെ **10** മുതൽ വൈകീട്ട് **5** വരെ) ബന്ധപ്പെടാവുന്നതാണ്.

3. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ താഴെ പറയുന്ന തൈകൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കേരശ്രീ തെങ്ങിൻ തൈകൾ 325 രൂപ, മോഹിത്നഗർ കവുങ്ങിൻ തൈകൾ 35രൂപ, പന്നിയൂർ-1 കുരുമുളകുവള്ളികൾ 12 രൂപ, ഹൈബ്രിഡ്ചെണ്ടുമല്ലി തൈകൾ 5 രൂപ കൂടുതൽ വിവരങ്ങൾക്കായി ഫോൺ നമ്പർ 0487- 2370726.

4. ക്ഷീര വികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജൂൺ 17 മുതൽ 21 വരെ "ശാസ്ത്രീയമായ പശുപരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക്

പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ജൂൺ 16 -ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 - 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പാലസ് പി. ഒ., തിരുവനന്തപുരം - 695004 Email ID:principaldtctvm@gmail.com

**പ രിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"Plant Propagation and Nursery Management"** എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ **www.celkau.in** എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കില് നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ജൂലൈ 8** കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2025 ജൂലൈ 9** കൂടുതൽ വിവരങ്ങള് പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256, എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

6. റബ്ബർബോർഡ് റബ്ബറുത്പന്നനിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സ് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ജൂലൈ 02-ന് ആരംഭിക്കും. കോഴ്സ് ഫീസ് 21,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). റബ്ബറുത്പന്നനിർമാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമേന്മ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംരംഭകത്വത്തിലും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും അവസരമുണ്ടായിരിക്കും. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം